മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഞാൻ ഞങ്ങളുടെ പ്രതിപക്ഷ നേതാവിനോട് സഹതപിക്കുകയാണ്. ഒരു ഫോട്ടോ ടി. വി. യിൽ പ്രദർശിപ്പിച്ചു. പ്രദർശിപ്പിച്ച ഫോട്ടോ തെറ്റാണെന്ന് മനസ്സിലാക്കിയ ഉടനെ തന്നെ ഖേദം പ്രകടിപ്പിച്ചുകൊണ്ട് മാപ്പു പറയുകയും ചെയ്തു. വാർത്ത കഴിയുന്നതിന് മുൻപുതന്നെ മാപ്പു പറഞ്ഞ് തെറ്റ് തിരുത്തുകയും ചെയ്തു. ആരോ പറഞ്ഞു, അത് ഇവിടെ കൊണ്ടുവന്ന് ഉന്നയിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : നമ്മളം രണ്ടുപേരുടേയും സ്വത്തല്ല. ഈ വക കാര്യങ്ങളം അസംബ്ലിയിൽ പറയണം. ഞങ്ങളം ഉത്തരവാദപ്പെട്ട എം. എൽ. എ. മാരാണ്.

മി. ഡെ. സ്പീക്കർ : അത് പരിശോധിച്ച് വേണ്ട നടപടി എടുക്കാം.

ശ്രീ. ഇ. കെ. നായനാർ : ഇവിടെ കണ്ടവരുണ്ടാകാം, കാണാത്തവരുണ്ടാകാം. പി. ആർ. ഡി. യാണ് ഫോട്ടോ കൊടുത്തത്. അപ്പോൾ ഇവിടെയാണ് മാപ്പു പറയേണ്ടത്. നിങ്ങൾ അവിടെ പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ പറയണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : ഇത് ഈ ഗവൺമെന്റിന്റെ കീഴിലല്ലാത്തിടത്തോളംകാലം ആരാണ് മാപ്പു പറയേണ്ടത്. ആര് മാപ്പു പറയണമെന്നാണ് പറയുന്നത്. ടി. വി. യും ആം ഇന്ത്യാ റേഡിയോയും ഈ ഗവൺമെന്റിന്റെ കീഴിലല്ല.

V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ടു പരിഗണന

ശ്രീ. എം. എം. ഹസ്സൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

(2) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച ചർച്ച—(തുടർച്ച)

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നമ്മുടെ നിയമസഭാ നടപടി ക്രമമനുസരിച്ച് ഒരു സെഷനിൽ പൂർത്തീകരിക്കാത്ത പ്രമേയങ്ങൾ അടുത്ത സെഷനിലേക്ക് മാറ്റി വയ്ക്കാറ് പതിവില്ല. അങ്ങ് സ്വീകരിച്ച നടപടിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഒരു ദിവസം എടുത്തതായ പ്രമേയം അന്ന് തീരുന്നില്ലായെങ്കിൽ അവിടംകൊണ്ട് അവസാനിപ്പിക്കണം. ഇത് മാറ്റിവയ്ക്കുന്ന സമ്പ്രദായം മറ്റു പല മെമ്പർമാർക്കും അവരുടെ അവകാശം ഉന്നയിക്കാൻ അവസരം നഷ്ടപ്പെടുത്തുകയാണ്. അതൊന്ന് പുനരാലോചിക്കണം എന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : കഴിഞ്ഞ പ്രാവശ്യം സ്പീക്കർ ഇവിടെ പറഞ്ഞതാണ്. ഇപ്പോൾ മുഖ്യമന്ത്രിയും കൂടെ അതിന് വിപരീതമായിട്ട് പറഞ്ഞു. ഈ കാര്യം സ്ഥിരമായി ഇവിടെ അംഗീകരിക്കാൻ പറ്റുമോ ഇല്ലയോ

LIBRARY ARCHIVES Kerala Legislative Assembly